### കുരുന്ന് ജീവന് തുണയാകാൻ ആയിരങ്ങൾ

# ചരിത്രമായി രക്ത മൂലകോശ പരിശോധന ക്യാമ്പ്

**ആലുവ:** ആലുവയുടെ ചരിത്രത്തിൽ പുതിയൊരു അധ്യായം എഴുതിച്ചേർത്ത് രക്ത മൂലകോശ പരിശോധന ക്യാമ്പ്. മൂന്ന് വയസ്സുകാരന്റെ അർബുദ ചികിത്സക്ക് സമാന രക്ത മൂലകോശത്തിനുള്ള പരിശോധനക്ക് നാട്ടുകാർ ഒഴുകിയെത്തുകയായിരുന്നു. 4600 പേരാണ് എത്തിയത്. ഇവരെല്ലാം സമ്മതപത്രവും എഴുതി നൽകിയിട്ടുണ്ട്. ഞായറാഴ്ച രാവിലെ മുതൽ ആലുവ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലായിരുന്നു പരിശോധന. കേട്ടറിവ് മാത്രമുള്ള കുരുന്നിനായാണ് ആയിരങ്ങളെത്തിയത്. അർബുദബാധിതനായ ആലുവ ടാസ് റോഡിൽ ഫർഹാൻ മൻസിലിൽ മുഹമ്മദ് ഫർഹാൻ- ഷഹനാസ് ദമ്പതികളുടെ മകൻ അബ്ദുല്ലയുടെ ജീവൻ രക്ഷിക്കാനാണ് രക്ത മൂലകോശം തേടുന്നത്. 18 വയസ്സുമുതൽ 50 വരെയുള്ളവരാണ് ക്യാമ്പിൽ പങ്കെടുത്തത്. വെല്ലൂരിലെ ആശുപത്രിയുടെ സഹകരണത്തോടെ മൂലകോശ ദാതാക്കൾക്കായുള്ള തിരച്ചിൽ പരാജയപ്പെട്ട സാഹചര്യത്തിലായിരുന്നു ധാത്രി ബ്ലഡ് സ്റ്റെം സെൽ ഡോണർ രജിസ്ട്രി ക്യാമ്പ് സംഘടിപ്പിച്ചത്.

മൂലകോശദാനത്തെക്കുറിച്ചുള്ള പൊതുജനങ്ങളുടെ അജ്ഞത മൂലം ഇത്തരം ക്യാമ്പുകളിൽ പൊതുവെ പങ്കാളിത്തക്കുറവ് ഉണ്ടാകാറുണ്ട്. ഇതുസംബന്ധിച്ച് മാധ്യമങ്ങളിലൂടെ ആവശ്യമായ ബോധവത്കരണം നടത്തിയത് ക്യാമ്പിന്റെ വിജയത്തിന് സഹായകരമായി. പരിശോധനയിൽ സമാന മൂലകോശം ലഭിച്ചാൽ രക്തദാനത്തിന്റേതിന് സമാനമായ സമയം മാത്രമാണ് മൂലകോശദാനത്തിനും വേണ്ടത്.

വായിൽനിന്ന് ബഡ്സ് ഉപയോഗിച്ച് ശേഖരിക്കുന്ന കോശങ്ങളാണ് പരിശോധനക്ക് വിധേയമാക്കിയത്. സമാനകോശം ലഭിച്ചാൽ ചികിത്സക്ക് 50 ലക്ഷത്തോളം രൂപ വേണ്ടിവരും. ക്യാമ്പ് വിജയിപ്പിക്കാൻ വിവിധ രാഷ്ട്രീയ പാർട്ടികളും യുവജന സംഘടനകളുമെല്ലാം രംഗത്തുണ്ടായിരുന്നു. അൻവർ സാദത്ത് എം.എൽ.എ, നഗരസഭ ചെയർപേഴ്സൻ ലിസി എബ്രഹാം, കൗൺസിലർ സെബി വി. ബാസ്റ്റ്യൻ, ദാവൂദ് ഖാദർ, അബ്ദുൽ റഹ്മാൻ, സാബു പരിയാരത്ത് എന്നിവരും ക്യാമ്പിന് നേതൃത്വം നൽകാനുണ്ടായിരുന്നു.



മൂലകോശ പരിശോധന ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ച അൻവർ സാദത്ത് എം.എൽ.എയുടെ സാമ്പിൾ എടുക്കുന്നു